# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

16.06.2014-ൽ മറുപടിയ്ക്ക്

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 1685

**ബാംഗ്ലൂരിൽവച്ച് മലയാളി വിദ്യാർത്ഥി റാഗിംഗിന് ഇരയായി മരണപ്പെട്ട സംഭവം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ബി.ഡി.ദേവസ്സി | ശ്രീ.ഉമ്മൻചാണ്ടി (മുഖ്യമന്ത്രി) |
| (എ) ആചാര്യ പോളിടെക്നിക്, സോലദേവനഹള്ളി, ബാംഗ്ലൂർ എന്ന എഞ്ചിനീയറിംഗ് കോളേജിൽ ആർക്കിടെക്ട് കോഴ്സിന് പഠിച്ചുവരികയായിരുന്ന ചാലക്കുടി കാർസ് ഇന്ത്യയ്ക്കു സമീപം പൂപ്പറമ്പിൽ വീട്ടിൽ സയ്യദ് ഇബ്രാഹിമിന്റെ മകൻ അഹബ് ഇബ്രാഹിം, കോളേജിൽവച്ച് മുതിർന്ന കുട്ടികളുടെ ക്രൂരമായ റാംഗിംഗിനും അക്രമണത്തിനും ഇരയായി ഗുരുതരാവസ്ഥയിൽ ചികിത്സയിലിരിക്കെ 10.3.2014-ൽ മരണമടഞ്ഞ സംഭവം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) അന്യസംസ്ഥാനത്ത് പഠിച്ചുകൊണ്ടിരുന്ന ഒരു വിദ്യാർത്ഥിക്ക് ബാംഗ്ലൂരിൽവച്ചുണ്ടായ ഈ കൊട്ടു ക്രൂരതയ്ക്കും മരണത്തിനും കാരണക്കാരായവരെ കണ്ടെത്തി നിയമത്തിനു മുമ്പിൽ കൊണ്ടുവരുന്നതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; നിരവധി ഓപ്പറേഷനുകളടക്കം വലിയ തുക ചികിത്സയ്ക്കായി ചെലവഴിച്ച് സാമ്പത്തികമായ തകർന്ന അഹബിന്റെ കുടുംബത്തിന് ധനസഹായം നൽകുന്നതിനായി സമർപ്പിച്ച അപേക്ഷയിൽ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ? | (ബി) ബാംഗ്ലൂർ ആചാര്യ എഞ്ചിനീയറിംഗ് കോളേജിൽ പഠിച്ചു വരികയായിരുന്ന ചാലക്കുടിക്ക് സമീപം പൂപ്പറമ്പിൽ വീട്ടിൽ സെയ്ദ് ഇബ്രാഹിമിന്റെ മകൻ അഹബ് ഇബ്രാഹിമിന്റെ അസ്വാഭാവിക മരണം സംബന്ധിച്ച് എറണാകുളം സൗത്ത് പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം നമ്പർ 363/14 കേസിന്റെ സംഭവ സ്ഥലം കർണ്ണാടക സംസ്ഥാനത്ത് ആയതിനാൽ കേസ് ഫയലും അനുബന്ധ രേഖകളും കർണ്ണാടക പോലീസ് കൈമാറിയിട്ടുള്ളതാണ്. 22.05.2014-ലെ സ.ഉ. (സാധാ) നം.2098/14/റവ പ്രകാരം അഹബ് ഇബ്രാഹിമിന്റെ കുടുംബത്തിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 1 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ